## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 810**

**04.03.2020-ൽ മറുപടിയ്ക്ക്.**

# പാൽക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | മറുപടി<br>ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) കഠിനമായ വേനൽ മൂലം സംസ്ഥാനത്ത് പാലുൽപ്പാദനം കുറയുന്നതും, രൂക്ഷമായ പാൽക്ഷാമം നേരിടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതു പരിഹരിക്കുവാൻ മിൽമ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (ബി) മിൽമയുടെ മലബാർ മേഖല യൂണിയൻ കാലിത്തീറ്റ വില വർദ്ധനവ് മൂലം ക്ഷീരകർഷകർക്കുണ്ടാകുന്ന പാലുത്പാദന ചെലവിലെ വർദ്ധനവിന് പരിഹാരമായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ല്, ചോളപ്പുല്ല്, ചോളം സൈലേജ് എന്നിവ വലിയ സബ്സിഡിയോടെ കർഷകരുടെ വീട്ടുപടിക്കൽ എത്തിച്ച് നൽകുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം 2300 മെട്രിക് ടൺ ചോളം സൈലേജും 3200 മെട്രിക് ടൺ പച്ചപ്പുല്ലും 600 മെട്രിക് ടൺ ചോളപ്പുല്ലും ഇത്തരത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, വൈക്കോൽ, ചോളപ്പൊടി, പിണ്ണാക്കുകൾ തുടങ്ങി മറ്റു ഖരാഹാര തീറ്റകളും മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്തു വരുന്നുണ്ട്.<br>എറണാകുളം മേഖല യൂണിയൻ 2019 ഡിസംബർ 1 മുതൽ 2020 ജനുവരി വരെ സംഘങ്ങൾ മേഖല യൂണിയന് നൽകുന്ന പാലിന് ലിറ്ററിന് 1 രൂപ 50 പൈസ നിരക്കിൽ ഇൻസെന്റീവ് നൽകി. കിലോയ്ക്ക് 2 രൂപ സബ്സിഡി നിരക്കിൽ വൈക്കോൽ വിതരണം നടത്തി വരുന്നു.<br>തിരുവനന്തപുരം മേഖല യൂണിയൻ കർണ്ണാടകയിൽ നിന്ന് 60000 ലിറ്റർ പാലും തമിഴ്നാട്ടിൽ നിന്നും 110000 ലിറ്റർ പാലും ദിനംപ്രതി എത്തിച്ച് വിതരണം ചെയ്യുന്നു. കൂടാതെ, മഹാരാഷ്ട്ര, ആന്ധ്ര എന്നീ സംസ്ഥാനങ്ങളിൽ നിന്നും 82 മെട്രിക് ടൺ പാൽപ്പൊടിയും സംഭരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**